## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **2558**.

**09-05-2017 ൽ മറുപടിയ്ക്ക്**

### ആറന്മുളയിലെ പുഞ്ചകൃഷിയും റബ്ബർ നാളികേര കർഷകരുടെ ക്ഷേമവും

**ചോദ്യം**
ശ്രീമതി.വീണാ ജോർജ്ജ്

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആറന്മുളയിൽ പുഞ്ചകൃഷി ഇറക്കിയതിലൂടെ സർക്കാരിന് എത്ര രൂപയുടെ സാമ്പത്തിക ലാഭം ഉണ്ടായിട്ടുണ്ട്; | (എ) | ആറന്മുള പുഞ്ചയിൽ അവിടുത്തെ കൃഷിക്കാരാണ് പാടശേഖരസമിതികളിലൂടെ കൃഷിയിറക്കിയിട്ടുള്ളത്. ഇതിനാവശ്യമായ അടിസ്ഥാന സൗകര്യവും മറ്റു സഹായങ്ങളും കൃഷി വകുപ്പ് നേരിട്ട് ചെയ്തു കൊടുക്കുകയാണുണ്ടായത്. ആയതിനാൽ ഇവിടെ കൃഷി നടത്തിയതിന്റെ സാമ്പത്തിക ലാഭം സർക്കാരിന് നേരിട്ട് ലഭിക്കുകയില്ല. കൃഷി ചെയ്ത കൃഷിക്കാർക്കാണ് ലാഭം ലഭിച്ചിട്ടുള്ളത്. ആറന്മുള നെൽകൃഷി പുനരുജ്ജീവന പദ്ധതിയിൽ 2016-17 വർഷം 101.02 ഹെക്ടർ സ്ഥലത്ത് കൃഷിയിറക്കിയിട്ടുണ്ട്. ടി പദ്ധതിയിൽ നാളിതുവരെ നിലമൊരുക്കൽ, അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 87.22851 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ആകെ 34.75 ഹെക്ടർ സ്ഥലത്ത് കൊയ്ത്തു പൂർത്തീകരിച്ചിട്ടുണ്ട്. ആയതിൽ നെല്ല്, വൈക്കോൽ, എന്നിവയുടെ ഉത്പാദനത്തിൽ നിന്നും 40.04 ലക്ഷം രൂപ കർഷകർക്ക് ലഭിച്ചിട്ടുണ്ട് (നെല്ലിന്റെ ഉത്പാദനത്തിൽ നിന്നും 32.79 ലക്ഷം രൂപ, വൈക്കോലിന്റെ ഉത്പാദനത്തിൽ നിന്നും 7.25 ലക്ഷം രൂപ). ബാക്കിയുള്ള 66.27 ഹെക്ടറിൽ കൊയ്ത്ത് പുരോഗമിച്ചുവരികയാണ് |
| (ബി) | റബ്ബർ കർഷകരുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; | (ബി) | റബ്ബറിന് വിലസ്ഥിരത ഉറപ്പാക്കുന്നതിന് 2015-16-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള "റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതി" |

| | | | |
|---|---|---|---|
| | | | 03/07/2015-ലെ സർക്കാർ ഉത്തരവ് സ.ഉ.(പി) നം. 269/2015-ന്റെ പ്രകാരം നടപ്പിലാക്കിവരികയാണ് ധനകാര്യ വകുപ്പും റബ്ബർ ബോർഡും സംയുക്തമായിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് കിലോയ്ക്ക് അതാതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി രജിസ്റ്റർ ചെയ്ത് കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നൽകുന്നു. പദ്ധതിയിൽ കിലോയ്ക്ക് 150.00 രൂപയാണ് ഇപ്പോൾ റബ്ബറിന്റെ താങ്ങുവിലയായി കണക്കാക്കുന്നത്. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കിലോഗ്രാം റബ്ബറിനാണ് ആനുകൂല്യം നൽകുന്നത്. 5 ഹെക്ടറിനു താഴെ കൃഷി ഭൂമിയുള്ള കർഷകർക്ക് പരമാവധി 2 ഹെക്ടറിനുള്ള റബ്ബർ കൃഷിയ്ക്ക് സബ്സിഡി ലഭിക്കും. റബ്ബർ കർഷകർക്ക് അർഹമായ സബ്സിഡി തുക അതാത് അക്കൗണ്ടുകളിലേയ്ക്ക് ഇലക്ട്രോണിക് ട്രാൻസ്ഫർ മുഖേന വിതരണം നടത്തി വരികയും ചെയ്യുന്നു. 2015-16 പദ്ധതി പ്രകാരം 300.00 കോടി രൂപ സബ്സിഡിയായി വിതരണം നടത്തിയിട്ടുണ്ട്. 2016-17-ൽ അനുവദിച്ച 500.00 കോടി രൂപ കൃഷി വകുപ്പിൽ നിന്നും ബന്ധപ്പെട്ട അക്കൗണ്ടുകളിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഇതിൽ 382.93 കോടി രൂപ വിനിയോഗിച്ചു കഴിഞ്ഞു. |
| (സി) | നാളികേര കർഷകരുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | 2017-18 വർഷം നാളികേര കൃഷിയുടെ വികസനത്തിന് ആകെ 45 കോടി രൂപ ബഡ്ജറ്റ് വിഹിതമായി ഉൾപ്പെടുത്തിയിട്ടുണ്ട്. സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2017-18 വർഷം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 250 ഹെക്ടർ വീതം കേരകൃഷി വിസ്തൃതിയുള്ള 44 കേരഗ്രാമങ്ങൾ രൂപീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. 3332.50 ലക്ഷം രൂപയാണ് |

| | | | |
|---|---|---|---|
| | | | ബഡ്ജറ്റിൽ ഈ കൊല്ലം പദ്ധതിയ്ക്കായി നീക്കിവെച്ചിരിക്കുന്നത്. സമഗ്ര നാളികേര വികസനത്തിനായുള്ള ഘടകങ്ങൾ എല്ലാം തന്നെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>അത്യുൽപ്പാദന ശേഷിയുള്ള കുറിയ ഇനം തെങ്ങുകളുടെ ശാസ്ത്രീയ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പദ്ധതികൾ രൂപപ്പെടുത്തി വരുന്നു. ആയതിനായി 567.50 ലക്ഷം രൂപ വാർഷിക പദ്ധതിയിൽ ബഡ്ജറ്റ് വിഹിതമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവുമായി സഹകരിച്ച് നാളികേര വികസനത്തിനായി പദ്ധികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുവാൻ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ തെങ്ങുകളെ ബാധിക്കുന്ന കീടരോഗബാധകൾക്കെതിരെ പ്രതിരോധ മാർഗ്ഗങ്ങൾ ഒരു ക്യാമ്പയിൻ അടിസ്ഥാനത്തിൽ അവലംബിക്കുന്നതിനായി പദ്ധതികൾ പ്രോജക്ട് അടിസ്ഥാനത്തിൽ ആസൂത്രണം ചെയ്യുന്നതിന് 300 ലക്ഷം രൂപയും വകകൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ